# കേര കർഷകർക്ക് ആശ്വാസമായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം



തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ ആലക്കോട് മണക്കടവിലെ തെങ്ങുകയറ്റ പരിശീലനം.

ആലക്കോട്: നാളികേര കർഷകന്റെ പ്രശ്നങ്ങൾക്ക് പരിഹാരവുമായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി ശ്രദ്ധേയമാകുന്നു. നാളികേരത്തിന്റെ വിലത്തകർച്ച കഴിഞ്ഞ കാലങ്ങളിൽ കർഷകനെ ദുരിതത്തിലാക്കിയിരുന്നുവെങ്കിലും നാളികേര ഉത്പന്നങ്ങൾക്ക് വിപണിയിലുണ്ടായ താത്പര്യം പ്രതീക്ഷകൾ ഉയർത്തിയിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ ദൗർലഭ്യം ഈ മേഖലയിലെ മുഖ്യ പ്രശ്നമായി ഇന്ന് നിലനിൽക്കുന്നു.

ഈ സാഹചര്യത്തിലാണ് കേന്ദ്രനാളികേര വികസന ബോർഡിനു കീഴിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി പഞ്ചായത്തിൽ മണക്കടവ് കാരിക്കയത്ത് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

യന്ത്രമുപയോഗിച്ച് തെങ്ങ് കയറുവാനുള്ള പരിശീലനവും തെങ്ങിന്റെ ശാസ്ത്രീയ പരിചരണ മുറകൾ നടത്തുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കേരളത്തിലെ പത്ത് ജില്ലകളിൽ നിന്നായി അയ്യായിരം പേർക്ക് പരിശീലനം നൽകുന്ന ഈ പരിപാടി ഓരോ ജില്ലയിലെയും സന്നദ്ധ സംഘടനകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഇരുപത് പേർ വീതമുള്ള ഒരു ബാച്ചിൽ ആറു ദിവസംകൊണ്ടാണ് പരിശീലനം പൂർത്തിയാക്കുന്നത്. ജോലിയിൽ താൽപര്യമുള്ളവർക്ക് സ്ഥിരമായ തൊഴിലും വരുമാനവും ബോർഡ് ഉറപ്പുതരുന്നു.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സൗജന്യ തെങ്ങുകയറ്റ യന്ത്രവും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നതോടൊപ്പം ബൈക്ക്, മൊബൈൽഫോൺ എന്നിവ വാങ്ങുന്നതിന് 25 ശതമാനം സബ്സിഡിയോടു കൂടിയ ബാങ്ക് വായ്പക്കുള്ള സൗകര്യവും ബോർഡ് ഒരുക്കുന്നതാണ്. നാളികേര വികസന ബോർഡിന്റെ മണക്കടവ് കേന്ദ്രത്തിന്റെ ഫീൽഡ് ഓഫീസർ കെ.എം വിജയനും സന്തോഷ്പാലത്തറ, മോഹനൻ മക്കനാൽ എന്നിവർ മാസ്റ്റർ ട്രെയിനികളാണ്.

ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളുടെയും സഹകരണത്തോടെ നാളികേര കർഷകരെ സഹായിക്കാനാകുംവിധം തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ വളർത്തിയെടുക്കാനുള്ള ശ്രമത്തിലാണ് നാളികേര വികസന ബോർഡും മണക്കടവ് പരിശീലന കേന്ദ്രത്തിലെ സംഘാടകരും. താൽപര്യമുള്ളവർക്ക് 9447100149 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Chandrika Daily - 24-10-11**